**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **01-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ന്റെ നിർമ്മാണത്തിനായി പൊളിച്ച സ്കൂളുകളുടെ പുനർനിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത 66-ന്റെ നിർമ്മാണത്തിനു വേണ്ടി എൽ.പി. സ്കൂൾ ഉൾപ്പടെയുള്ള വിദ്യാലയങ്ങളുടെ മതിലുകളും കെട്ടിടങ്ങളും പൊളിച്ചുമാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്** |
| (ബി) | ഇവയ്ക്ക് എൻ.എച്ച്.എ.ഐ-യിൽ നിന്നും നഷ്ടപരിഹാര തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെടുന്ന സ്കൂളുകളുടെ വസ്തു, കെട്ടിടം, ചമയങ്ങൾ എന്നിവയുടെ നഷ്ടപരിഹാരമായി എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | **ദേശീയപാത 66-ന്റെ റവന്യൂ വിംഗിൽ നിന്നും പുറക്കാട് എസ്.എസ്.എം എൽ.പി.സ്കൂളിന് 75 ലക്ഷം രൂപയും, പുറക്കാട് എസ്.ഡി.വി യു.പി.സ്കൂളിന് 2 കോടി രൂപയും നഷ്ടപരിഹാരമായി ലഭ്യമായിട്ടുണ്ട്.** |
| (സി) | ഇവ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; ഇത്തരം സ്കൂളുകൾ, കെട്ടിടവും മതിലുകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുകയോ പ്ലാൻഫണ്ട് വിതരണത്തിൽ ഇത്തരം സ്കൂളുകൾക്ക് മുൻഗണന നൽകുകയോ ചെയ്യുമോ; വിശദമാക്കുമോ? | (സി) | ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിക്കുന്ന സ്കൂളുകൾ പുനർ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് നഷ്ടപരിഹാര തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ